# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2534** — **14.02.2013-ലെ മറുപടിക്ക്**

## മസ്തിഷ്ക്ക മരണം സംഭവിച്ചവരിൽ നിന്നുള്ള അവയവദാന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ. ഇ. ചന്ദ്രശേഖരൻ :<br>ശ്രീ. കെ. രാജു :<br>ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മസ്തിഷ്ക്ക മരണം സംഭവിച്ചവരിൽ നിന്നുള്ള അവയവദാനപദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നു വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് മസ്തിഷ്ക്ക മരണത്തിന് ശേഷമുള്ള അവയവദാനപദ്ധതി സുഗമവും, സുതാര്യവുമാക്കി നടപ്പിലാക്കുന്നതിനായി 'മൃതസഞ്ജീവനി' എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. രാംദാസ് പിഷാരടിയെ ഈ പദ്ധതിയുടെ കൺവീനറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. മസ്തിഷ്ക്ക മരണത്തിന്റെ സ്ഥിരീകരണം, ആയതിന്റെ നടപടി ക്രമങ്ങൾ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്ന ആശുപത്രികൾ, നടത്താത്ത ആശുപത്രികൾ, മസ്തിഷ്ക്ക മരണമുണ്ടായ കേസുകൾ എന്നിവയിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്നിവയെല്ലാം 04.02.2012-ലെ സ.ഉ.(എം.എസ്) നം. 36/12/ആ.കു.വ., 37/12/ആ.കു.വ., 38/12/ആ.കു.വ., 39/12/ആ.കു.വ. എന്നീ ഉത്തരവുകളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് എന്ന പേരിൽ ഒരു വെബ് സൈറ്റ് തുടങ്ങുകയും ഓരോ അവയവത്തിനും (വൃക്ക, കരൾ) മുൻഗണന ക്രമത്തിന്റെയും, രക്ത ഗ്രൂപ്പിന്റെയും അടിസ്ഥാനത്തിൽ വെവ്വേറെ പട്ടികൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിലൂടെ അവയവം സ്വീകരിക്കാൻ താൽപ്പര്യപ്പെടുന്നവർ അവർ ചികിത്സയിലിരിക്കുന്ന ആശുപത്രി മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. |

| | |
|---|---|
| | കേരളത്തിലെ ഏതെങ്കിലും ആശുപത്രികളിൽ മസ്തിഷ്ക്ക മരണം സംഭവിച്ച കേസുകൾ എത്തിയാൽ അവർ ഉടൻ തന്നെ ആ വിവരം കൺവീനറെ അറിയിക്കുകയും ലിസ്റ്റിലെ മുൻഗണനാക്രമം അനുസരിച്ച് സ്വീകർത്താവിനെ കൺവീനർ നിശ്ചയിക്കുന്നതുമാണ്. |
| (ബി) ഈ പദ്ധതിപ്രകാരം ഏതെല്ലാം അവയവങ്ങൾ മാറ്റിവെയ്ക്കാൻ കഴിയും ; ഓരോ അവയവത്തിനുമായി എത്രപേർ വീതം ഇതിനകം പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ ; | (ബി) വൃക്ക, കരൾ, ഹൃദയം, കോർണിയ എന്നീ അവയവങ്ങൾ.<br>വൃക്ക - **360 പേർ**<br>കരൾ - **10 പേർ**<br>ഹൃദയം - 0<br>കോർണിയ - 0 |
| (സി) ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പിന്റെ സമ്മതം ആവശ്യമായിട്ടുണ്ടോ ; ആയത് ലഭ്യമായിട്ടുണ്ടോ ;<br><br>(ഡി) ഉണ്ടെങ്കിൽ, ആഭ്യന്തരവകുപ്പിന്റെ ഇക്കാര്യത്തിന്മേലുള്ള അഭിപ്രായം എന്താണെന്നു വിശദമാക്കുമോ ? | **(സി) & (ഡി)**<br>മെഡിക്കോ ലീഗൽ കേസുകളിൽ ആഭ്യന്തര വകുപ്പിന്റെ അനുമതി ആവശ്യമാണ്. ഇതിൽ ഓരോ കേസിലും പ്രത്യേക അനുമതി ലഭ്യമാക്കിയാണ് നടപടികൾ സ്വീകരിക്കാറുള്ളത്. ഇത് സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ നിന്ന് പൂർണ്ണമായ സഹകരണമാണ് ലഭിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**